Circular No.5/Gen/2021

# ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസോസിയേഷൻ

ദേവലോകം, കോട്ടയം – 686 004
Ph: 0481 2572890, website: ossae.org, e-mail: dgossae@gmail.com
for online classes: ossaebodhanam.org

## വിജ്ഞാപനം

## 2021 ലെ വാർഷികപരീക്ഷകൾ സംബന്ധിച്ച വിവരങ്ങൾ

2021 ഡിസംബറിൽ നടക്കുന്ന വാർഷികപരീക്ഷയ്ക്കു ചേരുന്ന 10, 11, 12 ക്ലാസ്സുകളിലെ കുട്ടികളുടെ രജിസ്ട്രേഷൻ, പരീക്ഷ എന്നിവ സംബന്ധിച്ചും മറ്റു ക്ലാസ്സുകളിലെ വാർഷിക പരീക്ഷ സംബന്ധിച്ചും 2/2021 -ാം നമ്പർ സർക്കുലറിൽ നൽകിയിരുന്ന വിവരങ്ങളുടെ വിശദീകരണമാണ് ഇവിടെ നൽകുന്നത്.

## 10, 11, 12 ക്ലാസ്സുകളിലെ രജിസ്ട്രേഷൻ

ഈ വർഷം മുതൽ കുട്ടികൾ പരീക്ഷയ്ക്കു രജിസ്റ്റർ ചെയ്യേണ്ടത് online ആയിട്ടായിരിക്കും എന്നതു പ്രത്യേകം ശ്രദ്ധിക്കുക. ഹെഡ്മാസ്റ്റർ, കുട്ടികളിൽനിന്ന് എല്ലാ വിവരങ്ങളും അടങ്ങുന്ന അപേക്ഷകൾ Rs. 100/- ഫീസ് സഹിതം വാങ്ങിയശേഷം IT Co-ordinator ന്റെ സഹായത്തോടെ കുട്ടികളുടെ വിവരങ്ങൾ website ൽ enter ചെയ്യണം. (website ന്റെ വിവരങ്ങൾ ഒക്ടോബർ 15 നു മുൻപായി ലഭ്യമാകും). വിവരങ്ങൾ ഹെഡ്മാസ്റ്റർ submit ചെയ്യുമ്പോൾ ഇൻസ്പെക്ടർക്കു ലഭിക്കും. ഇതിനോടകം മൊത്തം ഫീസ് കണക്കാക്കി ഇൻസ്പെക്ടറെ ഏല്പിച്ചിരിക്കണം. ഈ പേരുകളാണ് സർട്ടിഫിക്കേറ്റിൽ വരുന്നത് എന്നതുകൊണ്ട്, പേരുകളുടെ സ്പെല്ലിങ് തെറ്റാതിരിക്കുവാൻ ശ്രദ്ധിക്കുക. Duplicate Certificate ആവശ്യപ്പെട്ടാൽ Fine ഈടാക്കുന്നതാണ്. **കുട്ടികളിൽനിന്നു ലഭിക്കുന്ന അപേക്ഷകൾ ഹെഡ്മാസ്റ്റർ സൂക്ഷിച്ചാൽ മതിയാകും.**

ഇൻസ്പെക്ടർ അപേക്ഷകൾ verify ചെയ്തിട്ട്, മൊത്തം ഫീസ് കേന്ദ്രത്തിൽ അടച്ചശേഷം submit ചെയ്യുമ്പോൾ 10, 11 ക്ലാസ്സിലെ അപേക്ഷകൾ കേന്ദ്രത്തിലും 12-ാം ക്ലാസ്സിലെ അപേക്ഷകൾ ഡയറക്ടർക്കും ലഭിക്കും. **ഫീസ് അടച്ചതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയാൽ മാത്രമേ submit ചെയ്യുവാൻ സാധിക്കുകയുള്ളു എന്നതും ശ്രദ്ധിക്കുക.**

12-ാം ക്ലാസ്സിലെ അപേക്ഷകൾ ഡയറക്ടർ പരിശോധിച്ച് പ്രോജക്റ്റ് റിപ്പോർട്ടും ഓറിയന്റേഷൻ സമ്മറിയും ലഭിച്ചവ അപ്രൂവ് ചെയ്ത് സബ്മിറ്റ് ചെയ്താൽ അപേക്ഷകൾ കേന്ദ്രത്തിൽ ലഭിക്കും. പ്രോജക്റ്റ് റിപ്പോർട്ടും ഓറിയന്റേഷൻ സമ്മറിയും ഡയറക്ടർ കേന്ദ്രത്തിൽ എത്തിക്കണം.

എല്ലാ കുട്ടികളുടെയും രജിസ്റ്റർ നമ്പർ, ഇൻസ്പെക്ടർക്കു പരീക്ഷയ്ക്കു മുൻപായി ലഭ്യമാക്കും.

ഇൻസ്പെക്ടർ ഡയറക്ടറുടെ അനുവാദത്തോടെ ആവശ്യമെങ്കിൽ വിവിധ പരീക്ഷാകേന്ദ്രങ്ങൾ ക്രമീകരിച്ച് പരീക്ഷകൾ നടത്തണം. ഇൻസ്പെക്ടർക്കാണ് പരീക്ഷകളുടെ ചുമതല എന്നതു ശ്രദ്ധിക്കുക. എല്ലാ കേന്ദ്രങ്ങളിലും ഡയറക്ടർ നിരീക്ഷകരെ അയക്കണം.

## 1-9 വരെയുള്ള ക്ലാസ്സുകളിലെ വാർഷികപരീക്ഷ

1, 2, 3 ക്ലാസ്സുകളിലെ പരീക്ഷ, യൂണിറ്റുകളിൽ വാചാപരീക്ഷയായി നടത്താം. 4 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലെ പരീക്ഷയുടെ ചോദ്യപേപ്പർ MCQ മാതൃകയിൽ കേന്ദ്രത്തിൽനിന്നും ലഭിക്കും. നിശ്ചിതസമയങ്ങളിൽ കുട്ടികൾ പരീക്ഷ എഴുതണം. 4 മുതൽ 9 വരെയുള്ള കുട്ടികളുടെ എണ്ണപ്രകാരം 10 രൂപ വീതം ഹെഡ്മാസ്റ്റർ കേന്ദ്രത്തിൽ അടയ്ക്കണം.

**മത്സരപരീക്ഷ പ്രത്യേകം ഉണ്ടായിരിക്കയില്ല എന്നതുകൊണ്ട് 5 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലെ പരീക്ഷ കുട്ടികൾ നിർബന്ധമായും സൺഡേസ്കൂൾ സെന്ററിൽ ഇരുന്നുതന്നെ Covid protocol പാലിച്ച് എഴുതണം.** ഇവിടെ ഇൻസ്പെക്ടർ നിരീക്ഷകരെ നിയോഗിക്കണം.

## ശ്രദ്ധിക്കേണ്ട തീയതികൾ

| | |
|---|---|
| 10, 11, 12 ക്ലാസ്സുകളിലെ അപേക്ഷകൾ ഹെഡ്മാസ്റ്റർ submit ചെയ്യേണ്ടത് | : ഒക്ടോബർ 20-30 |
| ഇൻസ്പെക്ടർ submit ചെയ്യേണ്ടത് | : നവംബർ 1-10 |
| 12-ാം ക്ലാസ്സിലെ അപേക്ഷകൾ ഡയറക്ടർ submit ചെയ്യേണ്ടത് | : നവംബർ 11-15 |
| പ്രോജക്റ്റ്, ഓറിയന്റേഷൻ റിപ്പോർട്ടുകൾ കേന്ദ്രത്തിൽ ഡയറക്ടർ എത്തിക്കേണ്ടത് | : ഒക്ടോബർ 30 നു ശേഷം ലഭിക്കുന്ന റിപ്പോർട്ടുകൾ സ്വീകരിക്കുന്നതല്ല. |
| കേന്ദ്രത്തിൽനിന്നും രജിസ്റ്റർ നമ്പർ നൽകുന്നത് | : നവംബർ 30 നു മുൻപ് |

പരീക്ഷകളുടെ തീയതിയും സമയവും 2/2021 സർക്കുലറിൽ നോക്കുക. പിന്നാലെ ഓർമ്മിപ്പിച്ചുകൊള്ളാം.

എല്ലാ കാര്യങ്ങളും കൃത്യതയോടെ ചെയ്യുവാൻ എല്ലാ ഭാരവാഹികളും ശ്രദ്ധിക്കുമല്ലോ.

ദേവലോകം
04-09-2021

വർഗീസ് വർഗീസച്ചൻ
ഡയറക്ടർ ജനറൽ